**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 740** **05-10-2021 - ൽ മറുപടിയ്ക്ക്**

**ആധാരം സ്വന്തമായി എഴുതുവാൻ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | വസ്തു കൈമാറ്റ ഇടപാടുകൾക്ക് സ്വന്തമായി ആധാരം എഴുതുന്നതിന് സർക്കാർ അംഗീകാരം നൽകിയത് എന്നു മുതലാണ്; | (എ) | 1960 ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിൽ മാറ്റം വരുത്തിക്കൊണ്ടുള്ള 01.03.2016 തീയതിയിലെ IT3-30120/2010 നമ്പർ നോട്ടിഫിക്കേഷനും, 1958 ലെ കേരള രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 30 -ൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള 02.03.2016 തീയതിയിലെ IT3-30120/2010 നമ്പർ നോട്ടിഫിക്കേഷനും, 31.05.2016 തീയതിയിലെ 22-ാം നമ്പർ ഗസറ്റിൽ പ്രസിദ്ധീകരിച്ച കൊണ്ടാണ് സ്വന്തമായി ആധാരം എഴുതുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. |
| (ബി) | അതിനുശേഷം 2020-21 വരെ ഓരോ വർഷവും അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങൾ എത്രയെന്ന് അറിയിക്കാമോ; | (ബി) | വർഷം എണ്ണം 2016-17 306 2017-18 570 2018-19 730 2019-20 610 2020-21 342 |
| (സി) | ആധാരമെഴുത്ത് ലൈസൻസികൾ വഴിയും അഭിഭാഷകർ വഴിയും രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങൾ എത്രയെന്ന് അറിയിക്കാമോ; | (സി) | വർഷം എണ്ണം 2016-17 866742 2017-18 895810 2018-19 874951 2019-20 824642 2020-21 758179 |
| (ഡി) | സർക്കാരിന്റെ ഈ തീരുമാനം മൂലം പരമ്പരാഗത ആധാരമെഴുത്തുകാർക്ക് വരുമാനനഷ്ടം ഉണ്ടായോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | പ്രത്യേകമായി വിലയിരുത്തിയിട്ടില്ല. എന്നാൽ ആകെ രജിസ്റ്റർ ചെയ്തിട്ടുള്ള ആധാരങ്ങളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ആധാരമെഴുത്തു ലൈസൻസികൾക്ക് വരുമാനനഷ്ടം ഉണ്ടായതായി കരുതാനാകില്ല. |

സെക്ഷൻ ഓഫീസർ